# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

പി.ആർ.സി/001323/07

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
തീയതി: 12.05.2010

## സർക്കുലർ നമ്പർ – 9

**വിഷയം:** സേവനവേതന പരിഷ്കരണം 2008 - 01.03.09 നു ശേഷം ഒരു ഇൻക്രിമെന്റ് വർഷത്തിനിടയ്ക്ക് രണ്ട് പ്രമോഷൻ ലഭിക്കുന്നവരുടെ 28A യുടെ ഓപ്ഷനും അതനുസരിച്ചുള്ള ശമ്പളനിർണ്ണയവും നടത്തുന്ന വിധം

**സൂചന:** 1. സർക്കാർ ഉത്തരവ് (പി) 26/09/ ട്രാൻ തീയതി: 13.02.09
2. എൽ.ആർ. 8/001313/06 തീയതി: 18.02.09
3. ഇതേ നമ്പരിലെ 18.03.09 - ലെ സർക്കുലർ നമ്പർ – 2 ഖണ്ഡം VII

01.03.09 - ൽ പുതുക്കിയ ശമ്പളം നിലവിൽ വന്ന ശേഷം ഒരു ഇൻക്രിമെന്റ് വർഷത്തിനിടയ്ക്ക് രണ്ട് പ്രമോഷൻ ലഭിക്കുന്നവരുടെ ശമ്പളം പാർട്ട് -I കെ.എസ്.ആർ. ചട്ടം 28A എന്ന റൂൾ അനുസരിച്ച് നിർണ്ണയിക്കുന്നതു സംബന്ധിച്ച് യൂണിറ്റുകളിൽ നിന്നും ഉയർന്ന സംശയങ്ങൾക്കുള്ള മറുപടി സോദാഹരണം താഴെ വിവരിക്കുന്നു.

ഉദാ: 01.08.09 ൽ 11660 അടിസ്ഥാന ശമ്പളമുള്ള ഒരു സ്പെഷ്യൽ ഗ്രേഡ് കണ്ടക്ടർ 08.12.09 - ൽ സ്റ്റേഷൻ മാസ്റ്റർ ആയും 20.03.2010 ൽ ഇൻസ്പെക്ടർ ആയും പ്രമോഷൻ ലഭിക്കുകയും ടിയാൻ രണ്ട് തസ്തികയിലും 28A ഓപ്ഷൻ റൂളിലെ (b) പാർട്ട് ഓപ്റ്റ് ചെയ്യുകയും ചെയ്താൽ ശമ്പളം നിർണ്ണയിക്കുന്ന വിധം.

പാർട്ട് - I കെ.എസ്.ആർ. 28 A യുടെ സർക്കാർ ഭേദഗതിയനുസരിച്ച് ഒരു Higher Post നു താഴെ ഒരു Lower Post മാത്രമേ നിലനില്ക്കുകയുള്ളു. ആയതിനാൽ രണ്ടാമത്തെ Promotion തസ്തിക ആയ ഇൻസ്പെക്ടർ തസ്തിക ആദ്യത്തെ പ്രമോഷൻ തസ്തികയായ സ്റ്റേഷൻമാസ്റ്ററുടെ Lower Post ന്റെ അടുത്ത ഇൻക്രിമെന്റ് തീയതിക്കു ശേഷമാണെങ്കിൽ SM Post ലെ 28A(b) Option നല്കിയത് അനുസരിച്ച് പ്രമോഷൻ തസ്തികയിലെ തൊട്ടടുത്ത സ്റ്റേജ് നല്കുകയും Lower Post ലെ ഇൻക്രിമെന്റ് തീയതിയ്ക്ക് നോഷണൽ + അടുത്ത സ്റ്റേജ് നല്കുകയും വേണം. എന്നാൽ Lower Post ലെ അതായത് കണ്ടക്ടർ സ്പെഷ്യൽ ഗ്രേഡ് തസ്തികയിലെ ഇൻക്രിമെന്റ് തീയതി എത്തുന്നതിനു മുൻപ് അടുത്ത പ്രമോഷൻ ലഭിക്കുകയും അതിനും ടിയാൻ 28A(b) ഓപ്റ്റ് ചെയ്യുകയും ചെയ്താൽ രണ്ടാമത്തെ പ്രമോഷന്റെ Lower Post സ്റ്റേഷൻ മാസ്റ്റർ തസ്തികയായതിനാൽ ആദ്യം നൽകിയ 28A(b) ഓപ്ഷൻ നിലനിൽക്കുന്നതല്ല. ആയതിനാൽ ടിയാന്റെ രണ്ടാമത്തെ ഓപ്ഷൻ പ്രകാരം സ്റ്റേഷൻമാസ്റ്റർ തസ്തികയിൽ നിന്നും ഒരു വർഷം പൂർത്തിയാകുമ്പോഴേ ഇൻസ്പെക്ടർ തസ്തികയിലെ 28A യുടെ ആനുകൂല്യം ലഭിക്കുകയുള്ളു. ഇത് തത്വത്തിൽ ജീവനക്കാരന് സാമ്പത്തിക നഷ്ടം വരുത്തിവയ്ക്കുമെന്നതിനാൽ ഇപ്രകാരമുള്ളവർക്ക് ഇനി പറയുന്ന രീതിയിൽ ശമ്പളനിർണ്ണയം നടത്താവുന്നതാണ്.

| | | |
|---|---|---|
| 01.08.09 | 11660 | കണ്ടക്ടർ സ്പെഷ്യൽ ഗ്രേഡ് |
| 08.12.09 | 12460 | സ്റ്റേഷൻ മാസ്റ്റർ (28A(a) അനുസരിച്ച്) (ടി ജീവനക്കാരന് ആദ്യം നൽകിയ 28A യുടെ Option പുതുക്കി സമർപ്പിക്കാവുന്നതാണ്) |
| 20.03.10 | 12860 | ഇൻസ്പെക്ടർ (28A(b)Option അനുസരിച്ച്) |

അടുത്ത ഇൻക്രിമെന്റ് 08.12.2010 ന് 13660/- രൂപ സ്റ്റേഷൻമാസ്റ്റർ തസ്തികയിൽ Probation പൂർത്തിയാക്കുന്ന മുറയ്ക്ക് നല്കാവുന്നതാണ്.

ഇപ്രകാരമല്ലാതെ യുണിറ്റുതലത്തിൽ തെറ്റായ ശമ്പളനിർണ്ണയം നടത്തിയിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് തിരുത്തേണ്ടതും ജീവനക്കാരന് കുടുശ്ശികയുണ്ടെങ്കിൽ എഴുതി നല്കേണ്ടതും അധികം നല്കിയെങ്കിൽ തിരിച്ചു പിടിക്കേണ്ടതും ആ വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

*ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ*

*പകർപ്പ് :*

എല്ലാ യുണിറ്റാഫീസർമാർക്കും
ചീഫ് ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും

പി.ആർ.സി/001323/07

ചെയർമാൻ ആന്റ് മാനേജിംങ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
തീയതി: 12.05.2010

# സർക്കുലർ നമ്പർ - 10

**വിഷയം:** സേവനവേതന പരിഷ്ക്കരണം 2008 - സൂപ്പർവൈസറി തസ്തികകളിലേക്ക് താഴ്ന്ന തസ്തികകളിൽ നിന്നും നേരിട്ട് പ്രമോഷൻ നല്കുമ്പോൾ ശമ്പള നിർണ്ണയം നടത്തുന്ന വിധം.

**സൂചന:**
1. സർക്കാർ ഉത്തരവ് (പി) 26/09/ ട്രാൻ തീയതി: 13.02.09
2. എൽ.ആർ. 8/001313/06 തീയതി: 18.02.09
3. ശമ്പള പരിഷ്ക്കരണ കരാറിലെ ഖണ്ഡം XXXVIII- സൂപ്പർവൈസറി തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം
4. 21.08.09 ലെ 168/09 അജണ്ട പ്രകാരമുള്ള ഡയറക്ടർ ബോർഡ് തീരുമാനം

സൂപ്പർവൈസറി തസ്തികയിലേക്കുള്ള ഒഴിവുകളിലേക്ക് തൊട്ടുതാഴത്തെ ഫീഡർ തസ്തികയിൽ ജീവനക്കാരില്ലാതെ വരുമ്പോൾ അതിനു തൊട്ടുതാഴത്തെ തസ്തികയിൽ നിന്നും സൂപ്പർവൈസറി തസ്തികകളിലേക്ക് നേരിട്ട് പ്രമോഷൻ നല്കുമ്പോൾ ശമ്പള നിർണ്ണയം നടത്തുന്നവിധം.

**ഉദാ:1** 01.03.09 ൽ 7090 അടിസ്ഥാനശമ്പളമുള്ള ഒരു IIഗ്രേഡ് ഡ്രൈവർ 20.07.09 ൽ I ഗ്രേഡ് ഡ്രൈവറായി പ്രമോഷൻ ലഭിക്കുകയും 20.04.2010 ൽ വെഹിക്കിൾ സൂപ്പർവൈസറായി കേഡർപ്രമോഷൻ ലഭിക്കുകയും ചെയ്താൽ ശമ്പളനിർണ്ണയം നടത്തുന്ന വിധം

| | | |
|---|---|---|
| 01.03.09 | 7090 / 5390-11660 | ഡ്രൈവർ II ഗ്രേഡ് |
| 20.07.09 | 7310 / 6470-14860 | ഡ്രൈവർ Iഗ്രേഡ് (റ്റെൻന്റേറ്റീവ് പ്രമോഷൻ) (28A(b) ഓപ്റ്റ് ചെയ്താൽ) |
| 01.03.2010 | 7810 | ഡ്രൈവർ I ഗ്രേഡ് അബ്സൊല്യൂട്ട് പ്രമോഷൻ |
| 20.04.2010 | 9060 / 9060-19010 | വെഹിക്കിൾ സൂപ്പർവൈസർ |

വെഹിക്കിൾ സൂപ്പർവൈസർ തസ്തികയിലേക്ക് I ഗ്രേഡിൽ നിന്നും നേരിട്ടാണ് പ്രമോഷൻ നല്കേണ്ടത്. മാത്രമല്ല, ഇവിടെ പ്രമോഷൻ തസ്തികയുടെ സ്കെയിലിന്റെ മിനിമം ആയതിനാൽ അടുത്ത ഇൻക്രിമെന്റ് 20.04.2011 - ൽ പ്രൊബേഷൻ പൂർത്തിയാക്കിയ ശേഷം മാത്രമേ നല്കുകയുള്ളൂ.

ഡ്രൈവർ സ്പെഷ്യൽ ഗ്രേഡിൽ നിന്നല്ലാതെ വെഹിക്കിൾ സൂപ്പർവൈസർ തസ്തികയിൽ പ്രമോഷൻ ലഭിക്കുന്ന ജീവനക്കാരന് സൂപ്പർവൈസറി തസ്തികയ്ക്കു താഴെ താഴ്ന്ന തസ്തിക നിലവിലില്ലാത്തതിനാൽ റീ-ഫിക്സേഷൻ ആനുകുല്യത്തിനർഹതയില്ല.

**ഉദാ:2** 01.03.09- ൽ 5670 അടിസ്ഥാന ശമ്പളമുള്ള ഒരു ഗാർഡ് II ഗ്രേഡ് 15.10.09 - ൽ ഗാർഡ് I ഗ്രേഡായും 08.04.10 ൽ അസിസ്റ്റന്റ് സാർജന്റ് ആയും പ്രമോഷൻ ലഭിച്ചാൽ ശമ്പളനിർണ്ണയം നടത്തുന്ന വിധം

| | | |
|---|---|---|
| 01.03.09 | 5670 / 4750-9410 | ഗാർഡ് II ഗ്രേഡ് |
| 15.10.09 | 5810 / 5250-10900 | ഗാർഡ് I ഗ്രേഡ് (റെറ്റേന്റീവ് പ്രമോഷൻ) (28A(b) ഓപ്റ്റ് ചെയ്താൽ) |
| 01.03.2010 | 6130 | ഗാർഡ് I ഗ്രേഡ് (അബ്സൊലൂട്ട് പ്രമോഷൻ) |
| 08.04.2010 | 6470 / 5810-13260 | അസിസ്റ്റന്റ് സാർജന്റ് |

28A(a) അനുസരിച്ച് പ്രമോഷൻ തീയതിയിൽ ശമ്പളം നിർണ്ണയിക്കുകയും അടുത്ത ഇൻക്രിമെന്റ് 08.04.11 - ൽ പ്രൊബേഷൻ പൂർത്തിയാക്കിയ ശേഷം മാത്രം നല്കിയാൽ മതി.

മേൽ വിവരിച്ച പ്രകാരമല്ലാതെ തെറ്റായി പ്രമോഷൻ തീയതിയിൽ ശമ്പളം നിർണ്ണയിച്ച് നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരുത്തി അധികം നൽകിയ തുക തിരിച്ചു പിടിക്കേണ്ടതാണ്.

ചെയർമാൻ ആന്റ് മാനേജിംങ് ഡയറക്ടർ

പകർപ്പ് :

എല്ലാ യൂണിറ്റാഫീസർമാർക്കും
ചീഫ് ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും

# സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

പി.ആർ.സി/001323/07

ചെയർമാൻ ആന്റ് മാനേജിംങ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
തീയതി: 12.05.2010

## സർക്കുലർ നമ്പർ – 11

**വിഷയം:** സേവനവേതന പരിഷ്ക്കരണം 2008 - സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിൽ നില്ക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാരന് 01.03.09 ന്റെ പുതുതായി അനുവദിച്ച ഹയർ ഗ്രേഡ് നടപ്പാക്കുമ്പോൾ ശമ്പള നിർണ്ണയം നടത്തുന്ന വിധം.

സൂചന:
1. സർക്കാർ ഉത്തരവ് (പി) 26/09/ ട്രാൻ തീയതി: 13.02.09
2. എൽ.ആർ. 8/001313/06 തീയതി: 18.02.09
3. ശമ്പള പരിഷ്ക്കരണ കരാറിലെ ഖണ്ഡം XVIII- പുതിയ സമയ ബന്ധിത ഗ്രേഡ് പ്രമോഷനുകൾ
4. 09.02.2010 - ലെ മെമ്മോ നമ്പർ PL1/145/10

01.03.09 - ൽ നടപ്പാക്കിയ ശമ്പള പരിഷ്ക്കരണക്കരാറിൽ ഖണ്ഡം XI അനുസരിച്ച് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അതതു ശമ്പള സ്കെയിലിലെ ഒടുവിലത്തെ ഇൻക്രിമെന്റ് നിരക്കിൽ ആദ്യ രണ്ടെണ്ണം വാർഷികമായും അടുത്ത ഒരെണ്ണം ദ്വൈവാർഷികമായും ആകെ മൂന്നു ഇൻക്രിമെന്റുകൾ സ്റ്റാഗ്നേഷനായി നല്കുമെന്നാണ് പ്രതിപാദിച്ചിരിക്കുന്നത്.

അപ്രകാരം 01.03.09 – ന് സ്റ്റാഗ്നേഷനിൽ നില്ക്കുന്ന ജീവനക്കാരന് ഹയർ ഗ്രേഡ് നല്കുമ്പോൾ മാസ്റ്റർ സ്കെയിലിലെ സ്റ്റേജുകൾ തന്നെ തെറ്റായി നല്കിയതായി കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത ആവശ്യമായി വന്നിരിക്കുന്നു.

**ഉദാ:** 01.05.06- ൽ 2008 സ്കെയിലിൽ 11280 അടിസ്ഥാനശമ്പളമായി നിർണ്ണയിച്ച ഒരു ലാസ്റ്റ് ഗ്രേഡ് ജീവനക്കാരന് 01.03.09 ൽ ഹയർ ഗ്രേഡ് നൽകുമ്പോൾ ശമ്പളം നിർണ്ണയിക്കുന്ന വിധം.

| | | |
|---|---|---|
| 01.05.06 | 11280<br>5390-11660 | സ്പെഷ്യൽ ഗ്രേഡ് |
| 01.05.07 | 11660 | ഇൻക്രിമെന്റ് (സ്കെയിലിലെ മാക്സിമം) |
| 01.05.08 | 11660+380 | ഒന്നാം സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് |
| 01.03.09 | 12460<br>5810-13260 | ഹയർ ഗ്രേഡ്<br>(11660 + I സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് + നോഷണൽ ഇൻക്രിമെന്റ് = 12420 അടുത്ത സ്റ്റേജ് = 12460) |

അടുത്ത ഇൻക്രിമെന്റ് 01.03.2010 ൽ ഒരു ഇൻക്രിമെന്റ് വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് ഹയർ ഗ്രേഡിന്റെ സ്കെയിലിൽ നല്കാവുന്നതാണ്.

ഇപ്രകാരമല്ലാതെ മാസ്റ്റർ സ്കെയിലിലെ സ്റ്റേജുകൾ തന്നെ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റായി നല്കുകയും ഹയർഗ്രേഡ് പ്രമോഷന് തെറ്റായ ശമ്പള നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയത് എത്രയും വേഗം മേൽ വിവരിച്ച പ്രകാരം ക്രമീകരിച്ച് അധികം നല്കിയ തുക തിരികെ പിടിക്കേണ്ടതും ആ വിവരം പേ റിവിഷൻ സെല്ലിൽ അറിയിക്കേണ്ടതുമാണ്.

ചെയർമാൻ ആന്റ് മാനേജിങ് ഡയറക്ടർ